## കേരള നിയമസഭ 2016 ഒക്ടോബർ 3 ന് പാസ്സാക്കിയ പ്രമേയം

"2013—ൽ പാർലമെന്റ് പാസ്സാക്കുകയും 2013 ജൂലൈ 5-ന് നിലവിൽ വരികയും ചെയ്ത ദേശീയ ഭക്ഷ്യ ഭദ്രത നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. എന്നാൽ നിയമം പൂർണ്ണമായും നടപ്പിൽവരാത്ത സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന അധിക ധാന്യവിഹിതം കേന്ദ്രം നിർത്തലാക്കിയിട്ടുണ്ട്. ഇപ്പോൾ സംസ്ഥാനത്തെ എ. പി. എൽ. വിഭാഗത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന സബ്സിഡി നിരക്കിലുള്ള ഭക്ഷ്യ ധാന്യങ്ങളുടെ വിതരണം കൂടി അവസാനിപ്പിച്ച് കേന്ദ്ര മന്ത്രിസഭ തീരുമാനം എടുത്തിരിക്കുന്നു. ഇതുമൂലം കേരളത്തിന്റെ പൊതു വിതരണ രംഗം അങ്ങേയറ്റം താറുമാറാകുന്ന സാഹചര്യം സംജാതമാകുകയാണ്. സമയബന്ധിതമായി കേന്ദ്രനിയമം നടപ്പിലാക്കുവാൻ തീരുമാനം കൈക്കൊള്ളുകയും അതിൻപ്രകാരം നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ കേന്ദ്രതീരുമാനം പുനഃപരിശോധിക്കണമെന്നും സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നിലവിലുള്ള കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ വിഹിതം തുടർന്നും ലഭ്യമാക്കണമെന്നും ഈ സഭ അഭ്യർത്ഥിക്കുന്നു"

KERALA LEGISLATURE SECRETARIAT TRIVANDRUM

Jayalakshmi

പി. ജയലക്ഷ്മി
സെക്രട്ടറി-ഇൻ ചാർജ്
കേരള നിയമസഭ